(സി) പി.എച്ച്.സി. കളുടെ അറ്റകുറ്റപ്പണികളും റികസന പ്രവർത്തനങ്ങളും നടത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതിന് പുറമേ നബാർഡിന്റെയോ ലോകബാങ്കിന്റെയോ പദ്ധതികൾ മുഖേന സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ അതിനനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. വിവിധ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ചു നിർമ്മിച്ചിട്ടുള്ളതും പ്രവർത്തനരഹിതമായി കിടക്കുന്നതുമായ വാർഡുകൾ/കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനായി അധികമായി 1200 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അവയിൽ നിയമനം നടത്തി ഐ.പി. വിഭാഗം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം, അമ്പലപ്പാറ ആശുപത്രികളിലെ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിന് നടപടി

78 [174] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും അമ്പലപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഈ പ്രദേശത്ത് പ്രക്ഷോഭങ്ങൾ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി എടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ ആശുപത്രികളിൽ നിലവിൽ എത്ര ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും ഒഴിവുകൾ ഉണ്ട്;

(ഇ) ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്.

(സി) & (ഡി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നിലവിൽ നാല് അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ ഈ ഒഴിവുകളിലേക്ക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ലഭിച്ചിട്ടുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും മേൽപ്പറഞ്ഞ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അമ്പലപ്പാറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഒരു ഡോക്ടർ അവധിയിൽ പ്രവേശിച്ച ഒഴിവിൽ ഒരു ഡോക്ടറെ നിർബന്ധ ഗ്രാമീണ സേവനത്തിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) നിലവിലുള്ള സ്ഥിരം ഒഴിവുകളിൽ പി.എസ്.സി. യിൽ നിന്നും ലഭിച്ച അഡ്വൈസ് പ്രകാരം നിയമനം നടത്താൻ നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly